"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - അക്കാഡമിക് - പ്രധാനമന്ത്രി സ്പെഷ്യൽ സ്കോളർഷിപ്പ് പദ്ധതി (PMSSS) പ്രകാരം 2023-24 അദ്ധ്യയന വർഷത്തിൽ ബി.എസ്.സി. നേഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയ വിവിധ സർക്കാർ നേഴ്സിംഗ് കോളേജുകളിലെ വിദ്യാർത്ഥികളുടെ പ്രവേശനം ക്രമപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.3362/2023/H&FWD തീയതി,തിരുവനന്തപുരം, 21-12-2023

---

പരാമർശം:- 18.11.2023 തീയതിയിലെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ബി6/6352/2023/മെ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

ജമ്മു & കാശ്മീർ, ലഡാക്ക് കേന്ദ്ര ഭരണ പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്കായുള്ള പ്രധാനമന്ത്രി സ്പെഷ്യൽ സ്കോളർഷിപ്പ് പദ്ധതി (PMSSS) പ്രകാരം 2023-24 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ വിവിധ സർക്കാർ നഴ്സിംഗ് കോളേജുകളിലായി ബി.എസ്.സി. നേഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയ 44 വിദ്യാർത്ഥികളുടെ പ്രവേശനം ക്രമപ്പെടുത്തണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് മെഡിക്കൽ വിദ്യഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശ പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പ്രധാനമന്ത്രി ഉച്ചതർ ശിക്ഷാ പ്രോത്സാഹൻ (PM-USP) സ്കോളർഷിപ്പ് പദ്ധതി പ്രകാരം ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ (AICTE) നിർദ്ദേശാനുസരണം സംസ്ഥാനത്തെ വിവിധ സർക്കാർ നേഴ്സിംഗ് കോളേജുകളിലായി ബി.എസ്.സി. നേഴ്സിംഗ് കോഴ്സിന് പ്രവേശിപ്പിക്കപ്പെട്ട ജമ്മു & കാശ്മീർ, ലഡാക്ക് കേന്ദ്ര ഭരണ പ്രദേശങ്ങളിലെ 44 വിദ്യാർത്ഥികളുടെ പ്രവേശനം ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല, തൃശ്ശൂർ.

പ്രിൻസിപ്പാൾ, സർക്കാർ നഴ്സിംഗ് കോളേജ്, കണ്ണൂർ/കോഴിക്കോട്/ആലപ്പുഴ/തിരുവനന്തപുരം/എറണാകുളം/കോട്ടയം/തൃശ്ശൂർ (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Prijith G.
Date: 21-12-2023 15:38:53
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.